**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **10-08-2023 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര പെരിയാർവാലി കനാലിന്റെ കരകളിലുള്ള കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിൽ പെരിയാർവാലി കനാലിന്റെ കരകളിലുള്ള കയ്യേറ്റം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | തൃക്കാക്കര നിയോജക മണ്ഡലത്തിൽ പെരിയാർ വാലി ജലസേചന പദ്ധതിയുടെ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ ചെ.15.620 കി.മീ. നും 16 കി.മി. നും ഇടയിൽ അനധികൃത കയ്യേറ്റം സ്ഥിരീകരിച്ചിട്ടുണ്ട്. ഇടപ്പള്ളി ബ്രാഞ്ച് കനാൽ കയ്യേറി 23 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ കുടുംബങ്ങളെ ഒഴിപ്പിച്ചാൽ മാത്രമേ തൃക്കാക്കര നഗരസഭ പ്രദേശത്തേക്ക് കനാലുകളിലൂടെയുള്ള ജലവിതരണം സാദ്ധ്യമാകുകയുള്ളു. |
| (ബി) | കാലാകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണുന്നതിനും കനാലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനും ഇരുപത് വർഷത്തിലേറെയായി ഇവിടെ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ, തൃക്കാക്കര നഗരസഭ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായുള്ള തുടർനടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതായുണ്ട് . ആയതു സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ